# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*92 02.03.2017 ൽ മറുപടിക്ക്**

**പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി സി.കെ. ആശ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി ഗീതാ ഗോപി** | | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് സോഷ്യൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>ബി) ഏതൊക്കെ തലത്തിലാണ് സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ; | എ) & ബി) | പൊതുമരാമത്ത് വകുപ്പിൻ കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ മുഖ്യജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പരിശോധന നടത്തുകയും ചെയ്യണം. പദ്ധതി നടത്തിപ്പിനാവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. നിലവിൽ ഇത് നിർബന്ധമാക്കിയിട്ടില്ല ഇത് സംസ്ഥാന-ജില്ലാ - മണ്ഡല തലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| സി) സോഷ്യൽ ഓഡിറ്റിംഗ് വഴി എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് അറിയിക്കുമോ; | സി) | പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം, നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളുടെ |

സാക്ഷാത്കാരം, ജനകീയത, സുതാര്യത എന്നിവ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനും സാധിക്കുന്നു.

ഡി) കരാറുകാരും ഉദ്യോഗസ്ഥരും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് മുഖേന സാധ്യമാകുമോ?

ഡി) സാധ്യമാകുന്നതാണ്. സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ധ ഏജൻസിയെക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപെട്ടവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതാണ്. ഇത് വിജയകരമായി 2016 ഒടുവിൽ ആലപ്പുഴ ദേശീയപാതയിൽ നടപ്പാക്കുകയുണ്ടായി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ ചെയർമാനും, കായംകുളം മുനിസിപ്പൽ ചെയർമാൻ എൻ.ശിവദാസൻ കൺവീനറും, ജില്ലാ പഞ്ചായത്ത് മെമ്പർ, ചേർത്തല മുനിസിപ്പൽ ചെയർമാൻ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് സാമൂഹ്യ പരിശോധന നടത്തി റിപ്പോർട്ട് നൽകിയത്.

സെക്ഷൻ ഓഫീസർ